# മാനുഷിക അഭ്യർത്ഥനയോ ദൈവവിളിയോ?

ആരംഭത്തിലെ ലഘുത്വവും, വളർച്ചയുടെ പരിമിത സ്വഭാവവും, അപ്പോസ്തല പ്രവർത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന അന്ത്യോക്യയിൽ നിന്നാരംഭിച്ച മിഷണറി പ്രവർത്തനങ്ങളുടെ ചിന്തിപ്പിക്കുന്ന പ്രത്യേകതകൾ ആണ്. ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ എന്ന കൽപ്പനയുടെ വെളിച്ചത്തിൽ ആദ്യകാല പ്രവർത്തനങ്ങൾ, സ്വാഭാവികമായി ചിന്തിച്ചാൽ, വളരെ വേഗത്തിലും വിശാലമായ തോതിലും പ്രതീക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സംഭവിച്ചില്ല. ദൈവം ഒരിക്കലും ധൃതിയിൽ അല്ല. മാനുഷികബുദ്ധിക്ക് ദൈവത്തിന്റെ പ്രവർത്തന രീതികൾ പലപ്പോഴും വളരെ പതുക്കെയാണെന്ന് തോന്നാം. അതുകൊണ്ടു തന്നെ ദൈവം ഇപ്രകാരം ചെയ്തേക്കാം എന്നു നിനച്ച്, ചില പദ്ധതികൾ മുഖാന്തിരം കർത്താവിന്റെ വേലയെ ധൃതഗതിയിലാക്കുവാൻ ദൈവമക്കൾ വശീകരിക്കപ്പെടാറുണ്ട്. ദൈവം അനുഗ്രഹിച്ചേക്കും എന്നു പ്രതീക്ഷിച്ചുകൊണ്ട് എന്തെങ്കിലും ചെയ്യുവാൻ ഒരുമ്പെടുന്നത് അത്യാഹിതം വിളിച്ചു വരുത്തുന്നതിന് തുല്യമായിരിക്കും. ദൈവ വചനത്തിന്റെ വഴികാട്ടൽ ഇല്ലാതെയും, വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്ക് അനുസൃതമായി മാത്രം പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ നടത്തിപ്പില്ലാതെയും പ്രവർത്തിക്കുന്നതു മൂലം എപ്പോഴും അവസരം അന്വേഷിച്ചു നടക്കുന്ന പിശാചിന് വാതിൽ തുറന്നു കൊടുക്കുകയാവും ചെയ്യുന്നത്. തങ്ങളുടെ സ്വാഭാവിക ബുദ്ധിയുടെ ആലോചനപ്രകാരം ദൈവിക വാഗ്ദത്തെ പെട്ടെന്ന് നിറവേറ്റുവാൻ അബ്രഹാമും, സാറയും ഉദ്യമിച്ചത്, അവരുടെയും അവരുടെ പിൻതലമുറകളുടെയും ജീവിതത്തിൽ, അന്നു മുതൽ ഇന്നു വരെയും നിലനിൽക്കുന്ന ദുഃഖത്തിനും, വഴക്കുകൾക്കും, ചിന്താക്കുഴപ്പത്തിനും കാരണമായി ഭവിച്ചു. യെഹൂദനും, അറബിയും തമ്മിലുള്ള വൈരവും ജാതീയ സ്പർദ്ധയും അബ്രഹാമിന്റെയും സാറായുടെയും അതിക്രമ പ്രവർത്തിയുടെ പരിണിതഫലമായി ഇന്നും നിലനിൽക്കുന്നു. നമുക്ക് താമസമെന്നു തോന്നുന്ന കാര്യങ്ങൾ ദൈവത്തിന്റെ വിഘ്നം കൂടാത്ത ഉദ്ദേശങ്ങളുടെ നിവർത്തി മാത്രമാണ്. ദൈവം എപ്പോഴും തന്റെ പദ്ധതി പ്രകാരമാണ് പ്രവർത്തിക്കുന്നത്. ശത്രുക്കളുടെ വിരോധത്തിനോ പിൻഗാമികളാകുവാൻ മോഹിക്കുന്നവരുടെ കൈകടത്തലുകൾക്കോ തന്റെ ആലോചനകളുടെ നിവർത്തിയെ വിഫലമാക്കുവാൻ കഴിയാതെവണ്ണം വളരെ കൃത്യതയോടും സൂക്ഷ്മതയോടുമാണ് ദൈവം തന്റെ ഉദ്ദിഷ്ടകാര്യങ്ങളെ നിർവ്വഹിക്കുന്നത്. അതിലുപരിയായി ശത്രുവിന്റെ തടസ്സപ്പെടുത്തു വാനുള്ള ശ്രമങ്ങളെ പോലും തന്റെ ദൃഷ്ടിയിലുള്ള കാര്യങ്ങളുടെ നിവർത്തിക്കായി ദൈവം ഉപയോഗിക്കുന്നു.

ഈ യുഗത്തിലെ ആദ്യ നൂറ്റാണ്ടിൽ മനുഷ്യകുലത്തിന് ഉണ്ടായിരുന്ന അതിഭയാവകമായ ആത്മിക ആവശ്യങ്ങൾ കണക്കിലെടുക്കുകയും സാവധാനമായും, കൊട്ടും കുരവയും ഇല്ലാതെയും ഏഷ്യാ മൈനർ, ഗ്രീസ് മുതലായ കാര്യങ്ങളിൽ സുവിശേഷം എത്തപ്പെട്ട വിധങ്ങൾ പരിശോധിക്കുകയും ചെയ്താൽ സ്വാഭാവികമായും ആശ്ചര്യം തോന്നാം. രണ്ടു മിഷനറിമാർ പരിശുദ്ധാത്മാവിന്റെ വിളിയെയും മേൽവിചാരണയെയും അനുസരിച്ചുകൊണ്ട് അന്ത്യോക്യയിൽ നിന്നും പുറപ്പെട്ടു. ആദ്യം കുപ്രൊസിലേക്കും പിന്നീട് ഏഷ്യാമൈനറിലുള്ള ഒന്നോ രണ്ടോ പ്രവിശ്യകളിലേക്കും കടന്നു ചെന്നു. സുവിശേഷം പ്രസംഗിക്കപ്പെട്ടു. യഹൂദനും യവനനും മാനസാന്തരപ്പെ ടുകയും ചില സ്ഥലങ്ങളിൽ സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. പ്രയാസങ്ങളും, പിശാചിന്റെ ശത്രുതയുടെ ഫലമായി എതിർപ്പുകളും കഷ്ടതകളും ഉണ്ടായി. യഹൂദന്മാരുടെ വിമുഖതയുടെയും ജാതികളുടെ ചെറുത്തു നിൽപ്പിന്റെയും മദ്ധ്യേ നടന്ന ഈ

പ്രവർത്തനങ്ങൾക്കു ശേഷം, താരതമ്യേന ചെറിയ കാലയളവിനുള്ളിൽ, വേലക്കാർ ദൈവകൃപയിൽ അവരെ ഭരമേൽപ്പിച്ചയച്ച അന്ത്യോക്യയിലേക്കു തിരിച്ചുപോയി. അവിടെ അവർ 'ശിഷ്യന്മാരോടുകൂടെ' കുറെക്കാലം താമസിച്ചു (അപ്പൊ. 14:28). യെരുശലേമിൽ 'വിശ്വാസത്തിന്റെ' ആദ്യപോർ പൊരുതു വിജയിച്ചു. അതിനുശേഷം പ്രേഷിതർ അടുത്ത യാത്രയ്ക്ക് തയ്യാറെടുത്തു.

ഇപ്രാവശ്യം അവർ വേർപിരിഞ്ഞു. ബർണബാസ് മർക്കൊസിനോടുകൂടെ കുപ്രൊസിലേക്ക് പോയി. പൗലോസ് ശീലാസിനെയും കൂട്ടി സഭകളെ ഉറപ്പിച്ചുകൊണ്ട് സിറിയ, കിലിക്യ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചു. (അപ്പൊ. 15:41). മൂന്നാമത് ഒരാൾ കൂടി അവരോടു ചേർന്നു. പരിശുദ്ധാത്മാവ് അവരെ യൂറോപ്പിലേക്ക് വഴി നടത്തി. വീണ്ടും ഒരിക്കൽകൂടി അപ്രസക്തമായ തുടക്കത്തെയും, പടിപടിയായുള്ള പുരോഗമനത്തെയും നമുക്ക് കാണുവാൻ സാധിക്കും. ജീവന്റെയും വെളിച്ചത്തിന്റെയും സന്ദേശം കേൾപ്പിക്കുവാൻ കുരിശിന്റെ പടയാളികൾ ഇല്ലാതെ രാജ്യങ്ങൾ, ഒരു ഭൂഖണ്ഡം മുഴുവനും, ഇതാ അന്ധകാരത്തിൽ കിടക്കുന്നു. അടുത്തകാലത്ത് ഉന്നത നാഗരികതയും പരിഷ്ക്കാരവും നേടിയെടുത്ത് പ്രാപഞ്ചിക വിദ്യാഭ്യാസവും, പ്രബോധോദയവും സാന്മാർഗ്ഗികതയും ആത്മികതയും അഭിവൃദ്ധിപ്പെടുത്തുന്നതിനു പകരം മനുഷ്യനെ ദുർവൃത്തിക്ക് നിപുണരാക്കുകയെ ഉള്ളൂ എന്നു വിളിച്ചോതിക്കൊണ്ട് രാജ്യപരമായും, സാമൂഹികമായും വളരെ താഴ്ന്ന നിലവാരത്തിലെത്തി നിരാശയിൽ ഉഴലുന്നു. ഇപ്രകാരമുള്ള ഒരു സ്ഥലത്തിന്റെ അടിയന്തിരമായ ആത്മിക ആവശ്യങ്ങൾ കണക്കിലെടുത്ത് യൂറോപ്പിലേക്ക് കടന്നു ചെന്ന് പൈശാചിക കോട്ടകളെ ആക്രമിക്കുന്നതിന് ഏഷ്യയിൽ സ്ഥാപിക്കപ്പെട്ട സഭകൾ എല്ലാം ഒരുമിച്ച് ഉജ്ജ്വലമായൊരു സുവിശേഷ ക്യാമ്പെയ്ൻ ചെയ്താൽ എന്തായിരുന്നു എന്ന് സ്വാഭാവികമായും ആർ ചിന്തിക്കാതിരിക്കും? എന്നാൽ പരിശുദ്ധാത്മാവ് സ്വീകരിച്ച പോം വഴികൾ എത്രയോ വ്യത്യസ്തമായിരുന്നു. ദൈവത്തിന്റെ വിചാരങ്ങൾ മനുഷ്യന്റെ വിചാരങ്ങൾ അല്ല. മനുഷ്യന്റെ വഴികൾ ദൈവത്തിന്റെ വഴികളും അല്ല. കേവലം ഒരു വേലക്കാരൻ മാത്രമാണ് ആസ്യയിലെ സഭകളിൽ നിന്നും കർത്താവിന്റെ വേലയ്ക്കായി വിളിക്കപ്പെട്ടത്. സിറിയയിൽ നിന്നോ, യഹൂദയിൽനിന്നോ ആരും പൗലോസിനോടുകൂടെ ചേർന്നില്ല. കർത്താവിന്റെ വേലയ്ക്കായി തിമോത്തിയോസിനു ലഭിച്ച വിളി പരിശുദ്ധാത്മാവിന്റെ ഖണ്ഡിതമായ നടത്തിപ്പിന്റെ ഫലമായിരുന്നു. പ്രവചന വരത്താൽ, ഒരു പക്ഷെ പൗലോസ്തന്നെ ലിസ്ത്രയിൽ ആയിരുന്നപ്പോൾ ഈ യുവാവ് പ്രേഷിത വേലയ്ക്കായി കർത്താവിനാൽ തിരുഞ്ഞെടുക്കപ്പെട്ടവൻ എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു (1 തിമൊ. 1:8). തുടക്കത്തിൽ തന്നെ തിമെത്തിയോസിന് ദൈവവചനത്തിൽ തുടർച്ചയായ അഭ്യസനം നൽകപ്പെട്ടതിനാലും, തന്റെ ഭക്തിയും സമർപ്പണവും ജീവിതത്തിലും, ശുശ്രൂഷയിലം പ്രതിഫലിക്കയാൽ, ആ ദേശത്തുള്ള മുതിർന്ന സഹോദരന്മാരുടെ അംഗീകാരവും ശുപാർശയും ലഭിച്ചതിനാലുമാണ് പൗലോസിനോടു കൂടെ മിഷണറി പ്രവർത്തനങ്ങളിൽ ചേരുവാൻ തിമോത്തിയോസിന് ഇടയായത്.

മിഷണറിമാർ ഒരിക്കൽ പോലും വേലക്കാലരെ അയയ്ക്കേണ്ടതിന് സഭകളെ ആഹ്വാനം ചെയ്യുകയോ അഭ്യർത്ഥിക്കുകയോ ചെയ്തില്ല. മറ്റു സ്ഥലങ്ങളിലെ ആവശ്യങ്ങൾ കണക്കിലെടുത്ത് വേലക്കാർക്കുവേണ്ടി മാനുഷികമായി ക്രമീകരിച്ച പരസ്യങ്ങളോ പരിപൂർണ്ണമായും ഇല്ലായിരുന്നു. മാനുഷിക ദൃഷ്ടിക്ക് ദൈവത്തിന്റെ ഭൗതിക ഉപകരണങ്ങൾ ശക്തമോ ആകർഷണീയമോ ആയിരുന്നില്ല. എങ്കിലും ഈ അത്യന്ത ശക്തി മാനുഷികമല്ല, ദൈവത്തിന്റെ അത്രെ എന്നു വരേണ്ടതിന് നിക്ഷേപം മൺപാത്രങ്ങളിൽ ആയിരുന്നു. ജഡത്തിന്റെ ആസൂത്രണങ്ങൾക്ക് ശൗലിന്റെ ആയുധ സമ്പ്രദായം വളരെ

ആകർഷണീയമാണ്. എന്നാൽ അന്ധകാരത്തിന്റെ ആത്മിക ശക്തികളെ നേരിടാൻ അവ ഉപയുക്തങ്ങൾ അല്ല. ജഡിക മനസ്സിന് ദൈവിക ക്രമീകരണങ്ങൾ എല്ലായ്പ്പോഴും വളരെ അപ്രതീക്ഷിതവും നിഷ്ഫലവുമായാണ് തോന്നുക. ബുദ്ധിയും ബലവും ഉള്ളതിനെ ലജ്ജിപ്പിക്കേണ്ടുന്നതിന് ദൈവം മൂഢവും ബലഹീനവുമായതിനെ ആണ് തിരഞ്ഞെടുത്തത്. ലോകത്തിലെ ഏറ്റവും തുച്ഛവും, നിന്ദിതവും ഒന്നുമില്ലാത്തതും ആയവയെ ഉള്ളത് എന്നു ഭാവിക്കുന്നവയെ ഇല്ലാതാക്കേണ്ടതിന് തിരഞ്ഞെടുത്തു. ഒരു ജഡവും ദൈവസന്നിധിയിൽ പ്രസംശിക്കാതിരിക്കേണ്ടതിന് തന്നെ.

ഇപ്രകാരം കർത്താവിന്റെ വ്യക്തമായ നടത്തിപ്പോടുകൂടിയാണ് സുവിശേഷം യൂറോപ്പിലേക്ക് അയക്കപ്പെട്ടത്. മുകളിൽ പരാമർശിച്ചതിൻ പ്രകാരം ആദ്യ മിഷണറി യാത്രയ്ക്ക് സമാനമായൊരു വിവരണമാണ് അപ്പോ. 16–ലും രേഖപ്പെടുത്തിയിരിക്കുന്നത്. മാനസാന്തരങ്ങൾ എണ്ണത്തേക്കാൾ ഉപരി വൈവിധ്യത്തിലാണ് ശ്രദ്ധേയമായിരിക്കുന്നത്. എങ്കിലും 16:40–ാം വാക്യത്തിൽ സഹോദരന്മാർ എന്ന് പറഞ്ഞിരിക്കയാൽ ഫിലിപ്പിയിൽ അനേകർ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. പക്ഷെ ആ പട്ടണത്തിലെ ആകെയുള്ള ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ വളരെ ചുരുക്കമായിരുന്നു. തെസ്സലോനിക്യയിലും ബരോവയിലും വലിയൊരു ഗണം ദൈവത്തിങ്കലേക്ക് തിരിഞ്ഞു. അഥേനയിൽ ഒന്നോ രണ്ടോ പേർ മാത്രം. അന്ധകാരത്തിന്റെയും മൂല്യച്യുതിയുടെയും മദ്ധ്യത്തിൽ താരതമ്യേന വലിയൊരു കൂട്ടം കൊരിന്തിൽ ദൈവകൃപയ്ക്ക് ലഭിച്ചു. ആ പട്ടണത്തിൽ കർത്താവിന് വളരെ ജനം ഉണ്ടായിരുന്നു. എങ്കിലും തന്റെ യഥാർത്ഥ ശിഷ്യന്മാരോടുള്ള ബന്ധത്തിൽ ചെറിയ കൂട്ടമെ എന്ന ക്രിസ്തുവിന്റെ പദപ്രയോഗം ഈ സ്ഥലങ്ങളിൽ എല്ലാം അന്വർത്ഥമായിരുന്നു.

ആസ്യയിൽ എന്നപോലെ ഗ്രീസിലും സഭകൾ ഉണ്ടാവുകയും സ്വർഗ്ഗത്താൽ നിയമിക്കപ്പെട്ട മൂപ്പന്മാരുടെ അധീനതയിൽ വികസിക്കുകയും ചെയ്തു. അഖായയുടെ തെക്കൻ പ്രവിശ്യയിൽ നിന്നും തെസ്സലോനിക്യയിലേക്ക് തിരിച്ചു ചെല്ലുവാനുള്ള അതിയായ ആഗ്രഹം സാധിക്കാഞ്ഞതിനാൽ പൗലോസ് ആ സഭയ്ക്ക് രണ്ടു കത്തുകൾ എഴുതി. ഈ കത്തുകൾ, ഗലാത്യർക്കുള്ള കത്ത് ഒഴിച്ചാൽ, പുതിയ നിയമത്തിലുള്ള പൗലോസിന്റെ ആദ്യത്തെ എഴുത്തുകളാണ്. അപ്പോസ്തല പ്രവർത്തികളിൽ നാം ശ്രദ്ധിച്ചതിൻ പ്രകാരം മറ്റു കത്തുകളിൽ എന്നപോലെ ഈ കത്തുകളിലും മറ്റു സ്ഥലങ്ങളിലേക്ക് വേലക്കാരെ അയയ്ക്കുവാനുള്ള അഭ്യർത്ഥനയുടെ അഭാവം നമുക്ക് കാണുവാൻ കഴിയും. അപ്പോസ്തലനായ പൗലോസിന്റെ ഹൃദയത്തിൽ ആവശ്യഭാരം ഇല്ലായിരുന്നു എന്ന് ഇതിനാൽ അർത്ഥമാക്കുന്നില്ല. യഹൂദന്റെയും യവനന്റെയും ആത്മിക സ്ഥിതി തന്റെ മേൽ വലിയ സമ്മർദ്ദം ചെലുത്തിയിരുന്നു. ‘അധികം പേരെ നേടേണ്ടതിന്’ താൻ ‘തന്നെത്തന്നെ’ എല്ലാവർക്കും ദാസനാക്കി. ‘ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്’ താൻ ‘എല്ലാവർക്കും എല്ലാമായിത്തീർന്നു’. 1 കൊരി. 9:22. പൂർണ്ണസമർപ്പണവും, തീവ്ര വാഞ്ചയും, അതീവ ആത്മാർത്ഥതയും ഉൾക്കൊണ്ട പൗലോസിനെപ്പോലെ സുവിശേഷ വേലയിൽ ശുഷ്കാന്തിയും വ്യഗ്രതയുമുള്ള മറ്റാരും ഉണ്ടാവുകയില്ല. ഇക്കാര്യത്തിൽ താൻ നമുക്കെല്ലാം മാതൃകയാണ്.

അതുപോല തന്നെ സുവിശേഷ പ്രവർത്തനങ്ങളോടുള്ള ബന്ധത്തിൽ സഭകൾക്ക് ഉത്തരവാദിത്വബോധം ഉണ്ടായിരുന്നില്ല എന്നും ഇതിനാൽ അർത്ഥം ആകുന്നില്ല. അപ്പോസ്തലന്റെ മാതൃകയാലും സ്വാധീനതയാലും പ്രേരണ ലഭിച്ചിട്ട് തെസ്സലോനിക്യ സഭ ദേശം മുഴുവനും വചന ഘോഷണം നടത്തി. അവരോടുള്ള ബന്ധത്തിൽ യാഥാർത്ഥ്യ മായത് ഓരോ സ്ഥലം സഭയോടുള്ള ബന്ധത്തിലും യാഥാർത്ഥ്യം ആവണം. സുവിശേഷ പ്രചരണം ‘പയനിയർ’ വേല ചെയ്യുവാൻ വിശേഷാൽ വിളി ലഭിച്ചവരുടെ മേൽ മാത്രം

നിക്ഷിപ്തമല്ല. പകരം കർത്താവിനാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഓരോ സ്ഥലം സഭയുടെയും ഉത്തരവാദിത്വം കൂടിയാണ്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കടന്നു പോയപ്പോഴൊക്കെയും തനിക്കുവേണ്ടിയും കൂട്ടുവേലക്കാർക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ താൻ മുഖാന്തിരം സ്ഥാപിതമായ സ്ഥലം സഭകളോട് അപ്പോസ്തലൻ അഭ്യർത്ഥിച്ചിരുന്നു. താൻ ചെയ്യുന്ന അനുഗ്രഹീത വേലയുടെ പങ്കാളികൾ എന്ന നിലയിൽ ഈ സഭകളെ തങ്ങൾ മുഖാന്തിരം ദൈവം ചെയ്യുന്ന കാര്യങ്ങളെ സമയാസമയങ്ങളിൽ അവർ അറിയിച്ചിരുന്നു. ആയതുമൂലം അവരുടെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്നതിലും സഹായിക്കുന്നതിലും കൃത്യമായ പങ്കുവഹിക്കുവാൻ സഭകൾ പഠിച്ചു. ഇതു തന്നെയാണ് നമ്മുടെയും (സഭകളുടെയും, വ്യക്തികളുടെയും) ഉത്തരവാദിത്വവും പദവിയും.

എന്നാൽ ജാതികളുടെ ഇടയിലെ ആവശ്യങ്ങളെക്കുറിച്ച് സംഭ്രമാത്മകമായ വിവരങ്ങൾ നൽകി പുരുഷന്മാരെയും സ്ത്രീകളെയും സുവിശേഷ വേലയ്ക്കായി കടന്നു പോകുവാൻ പൊതുവായി ആഹ്വാനം ചെയ്തു പ്രേരിപ്പിക്കുവാനുള്ള ഏതൊരു ശ്രമവും പുതിയ നിയമഉപദേശത്തിന് വിരുദ്ധമാണ്. അപ്രകാരം ചെയ്യുന്നതിൽ അപകടം പതിയിരിപ്പുണ്ട്. ഇപ്രകാരമുള്ള അഭ്യർത്ഥനകൾ വിശ്വാസികളിൽ വികാരപരമായി ഇളക്കമുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രവർത്തിക്കുന്നതിനും ആവശ്യകത നിലനിൽക്കുന്നത് കർത്താവിന്റെ വിളിക്ക് നിദാനം എന്ന തെറ്റായ തോന്നൽ ഉളവാക്കുന്നതിനും കാരണമാവും. കർത്താവിന്റെ വേലയ്ക്കായുള്ള വിളി എന്നത് ആദ്യ നൂറ്റാണ്ടിൽ എന്നപോലെ ഇന്നും താൻ തിരഞ്ഞെടുക്കുന്നവരുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ജോലിയാണ്. ദൈവേഷ്ടം തിരിച്ചറിയാൻ കഴിയാത്ത ആരെയെങ്കിലും തെറ്റായ ധാരണയുടെ അടിസ്ഥാനത്തിൽ കർത്താവിന്റെ വേലയ്ക്കായി ഉദ്യമിപ്പിച്ചതിന് കാരണമായി തീരാതിരിക്കുവാൻ ദൈവാത്മാവ് പ്രവർത്തിച്ചേക്കും എന്ന് പ്രതീക്ഷിച്ചുകൊണ്ടുള്ള എന്തെങ്കിലും പ്രവർത്തന രീതി അവലംബിക്കാതിരിക്കേണ്ടത് നമ്മുടെ മേലുള്ള കടമയാണ്.

ഒരു പ്രദേശത്ത് വളരെയധികം സഭകളും വിശ്വാസികളും ഉണ്ടായിരിക്കെ മറ്റു പ്രദേശങ്ങൾ ജാതീയമായ അന്ധകാരത്തിൽ കിടക്കുന്നതുകൊണ്ട് ഈ സ്ഥലങ്ങളിലേക്ക് മുമ്പ് പറഞ്ഞ സഭകളിലെ വിശ്വാസികൾ കടന്നു ചെല്ലണം എന്ന വാദഗതിക്ക് വചനത്തിൽ യാതൊരു അടിസ്ഥാനവും ഇല്ല.

കർത്താവിന്റെ വേലയ്ക്ക് കടന്നുപോകുവാൻ പൊതുവായ പ്രസ്താവനകളാലോ സ്ഥിതി വിവര കണക്കുകളാലോ ക്രിസ്തീയ വിശ്വാസികളെ വൈകാരികമായി ഇളക്കുവാൻ ശ്രമിക്കുന്നതിനു മുമ്പ് നാം കർത്താവിന്റെ ഇഷ്ടത്തിന്റെ ഒഴുക്കിലും, കർത്താവിന്റെ ആലോചനയിലും കൂട്ടായ്മയിലും ആയിരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതിന് എത്രയോ കരുതൽ ഉള്ളവർ ആയിരിക്കേണം.

അപ്പോസ്തല മിഷണറി പ്രവർത്തനങ്ങളുടെ സ്വാഭാവിക വികാസം, ഈ യുഗത്തെ ക്കുറിച്ചുള്ള ദൈവേഷ്ടം തന്റെ നാമത്തിനായി ജാതികളിൽ നിന്ന് ഒരു ജനത്തെ എടുത്തുകൊൾക എന്നുള്ളതാണെന്ന അപ്പൊ. 15:14 ലെ പ്രസ്താവനയെ ശരി വയ്ക്കുന്നതാണ്. ഈ സത്യം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷ പ്രവർത്തനങ്ങളുടെ സ്വഭാവത്തെയും പ്രഭാവത്തെയും കുറിച്ച് ഞങ്ങൾ പറഞ്ഞ വസ്തുതകളെ മതിയാംവണ്ണം വിശദീകരിക്കുന്നതാണ്. വരുവാനുള്ള ദിവസത്തിൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഒരു അംഗംപോലും കാണാതെ പോയിട്ടില്ല എന്ന വസ്തുത നാം കണ്ടെത്തും. മുഴുവൻ കൂട്ടത്തെയും രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയ

ദൈവത്തിന്റെ ജ്ഞാനത്തിലും ആലോചനയിലും പ്രവർത്തനങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. സുവിശേഷ വേലക്കാരെ എഴുന്നേൽപ്പിക്കുന്ന ജോലി ദൈവത്തിന്റേതു മാത്രമാണ്. ആയതിലേക്ക് നമ്മോടുള്ള കർത്താവിന്റെ കൽപന കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കേണ്ടതിന് യാചിപ്പിൻ എന്നുള്ളതു മാത്രമാണ്.

പുതിയ പ്രവർത്തകർക്കുവേണ്ടിയുള്ള അഭ്യർത്ഥനകളുടെ പരിണിത ഫലം വളരെ ഗുരുതരമാകാം. വചനാധിഷ്ഠിതമായ ഉപദേശത്തിന്റെ ഫലമായല്ലാതെ ആരെങ്കിലും സുവിശേഷ വേലയ്ക്കുവേണ്ടി മുതിരുന്നത് മറ്റൊരാൾ പറഞ്ഞതുപോലെ അതീവ ഗുരുതരമായ പിശകായിരിക്കും. അവന്റെയോ അവളുടെയോ നന്മയ്ക്ക് മാത്രമല്ല പകരം യഥാർത്ഥമായി കർത്താവിനാൽ അയയ്ക്കപ്പെട്ടവരുടെ നന്മയ്ക്കും കൂടി തന്നെ. എന്തുകൊണ്ടെന്നാൽ ഇപ്രകാരം വേലയ്ക്കായ് പുറപ്പെടുന്നവർ പലപ്പോഴും വിയോജിപ്പുകൾക്കും വൈഷമ്യങ്ങൾക്കും മുഖാന്തിരമാവുകയും മറ്റു വേലക്കാരെ അവരുടെ ശുശ്രൂഷയിൽ പ്രതിബന്ധപ്പെടുത്തുകയും പ്രവർത്തനങ്ങൾക്ക് വളരെയധികം തടസ്സം സൃഷ്ടിക്കുകയും ചെയ്യും.

An excerpt from “The Divine Plan For Missions” (Chapter 7)

By W.E. Vine, വിവർത്തനം : Baiju V. Balan

അനേക ദശകങ്ങൾക്കു മുമ്പ് എഴുതപ്പെട്ട ഈ ലേഖനം ചലഞ്ച് കോൺഫറൻസ് വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ വരെയധികം പ്രസക്തി അർഹിക്കുന്നു.

– വിവർത്തകൻ